നം ഇടയ്ക്കു സഞ്ചരിച്ചുകൊണ്ടു്, കുറേക്കാലം കൂടി സാർത്ഥകമായി ജീവിച്ചു സേവനം അനുഷ്ഠിക്കാമെന്നു് ഈ അറുപത്തഞ്ചുകാരൻ കരുതുന്നു.

അകലെ, മറുനാട്ടിൽ, ഒരാസ്പത്രിയിൽ, നഴ്സും ഡ്രൈവറും ചില്ലറപ്പണിക്കാരനുമായി സേവനമനുഷ്ഠിക്കാൻ ഇന്ത്യയിലെ സമ്പന്നരായ പെൻഷൻകാരിൽ എത്ര പേർക്കു താല്പര്യം കാണും? എന്തിനു മറുനാട്ടിൽ? സ്വന്തം നാട്ടിൽത്തന്നെ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവർ എത്രയുണ്ടു്?

മിസ്റ്റർ ഗെർഹാർഡ് ഫിഷറുടെ ത്യാഗവും സേവനതല്പരതയും മനുഷ്യസ്നേഹവും കാര്യദക്ഷതയും പ്രകടമാകുന്നതു് അങ്ങനെ ആലോചിക്കുമ്പോഴാണു്.

അംബാസഡർ ഫിഷർ, താങ്കരംക്കു് ഈ ഇന്ത്യാക്കാരന്റെ സാഷ്ടാംഗനമസ്കാരങ്ങരം!

(8 ജൂൺ, 1986)

# 68. ഏവൺ നദിയിലെ രാജഹംസം

സൂര്യൻ അസ്തമിക്കാത്ത സാമ്രാജ്യത്തെച്ചൊല്ലി ഉള്ളതിലേറെ അഭിമാനം ഷേക്സ്പിയറെച്ചൊല്ലി തങ്ങരംക്കു് ഉണ്ടെന്നു ബ്രിട്ടീഷുകാർ പ്രസ്താവിച്ചിരുന്ന ഒരു കാലം ഉണ്ടായിരുന്നു. ബ്രിട്ടീഷ്സാമ്രാജ്യത്തിന്റെ സൂര്യൻ അസ്തമിച്ചുകഴിഞ്ഞിരിക്കുന്നു. ഷേക്സ്പിയറുടെ സ്ഥിതി ഇന്നു് എന്താണു്?

താൻ ചിത്രീകരിച്ച കഥാപാത്രങ്ങളുടെ വൈവിധ്യവും ജീവിതരംഗങ്ങളുടെ വികാരസാന്ദ്രതയും നിമിത്തം മഹാഭാരതകർത്താവായ വ്യാസനോടു് സമസ്ഥത പുലർത്തുന്ന ഈ മഹാനാടകകൃത്തിന്റെ സ്മരണ ലോകവ്യാപകമായി ശാശ്വതീകരിക്കുന്നതിനു് ഒരു സംഘടന ഇൻറർനാഷനൽ ഷേക്സ്പിയർ അസോസിയേഷൻ ബ്രിട്ടീഷുകാർ രൂപവല്ക്കരിച്ചതു് 1975—ൽ ആയിരുന്നു. കവി പിറന്ന ഏവൺ നദിക്കരയിലെ സ്റ്റ്രാററ്ഫോർഡ് നഗരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സംഘടനയുടെ അദ്ധ്യക്ഷൻ പ്രശസ്ത ബ്രിട്ടീഷ് നാടകനടനായ സർ ജോൺ ഗീൽഗുഡ് ആകുന്നു.

ഇൻറർനാഷനൽ ഷേക്സ്പിയർ അസോസിയേഷൻ അഞ്ചു വർഷത്തിലൊരിക്കൽ ലോകത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ ഷേക്സ്പിയർ കോൺഗ്രസുകരം വിളിച്ചുകൂട്ടുന്നുണ്ടു്. ഒരാഴ്ച നീണ്ടുനിന്ന മൂന്നാമത്തെ കോൺഗ്രസ് ഈയിടെ പടിഞ്ഞാറെ ബർലിനിൽ ടെക്നിക്കൽ യൂണിവേഴ്സിററിയിൽ സമ്മേളിക്കുകയുണ്ടായി. പ്രസംഗങ്ങരം, സെമിനാറുകരം, ഫിലിംപ്രദർശനങ്ങരം, ബ്രിട്ടനിലെ റോയൽ ഷേക്സ്പിയർ കമ്പനിയുടെ വക ഉടുപ്പുകളുടെ ഒരു പ്രദർശനം, ഷേക്സ്പിയർ നാടകങ്ങരംക്കു ലോകപ്രസിദ്ധരായ ചില സംഗീതജ്ഞർ നൽകിയ സംഗീതശില്പങ്ങളുടെ ആവിഷ്കരണം, ആഫ്രിക്കയിലെ സുലു അടക്കം പല ഭാഷകളിൽ ഷേക്സ്പിയർ നാടകങ്ങരം അവതരിപ്പിച്ചതിന്റെ ടേപ്പ്റിക്കോർഡിങ്ങുകരം—അങ്ങനെ 'ഭിന്നരുചേർ ജനസ്യ ബഹുധാപ്യേകം സമാരാധകം' ആയിരുന്നുവത്രെ ഈ കോൺഗ്രസ് സമ്മേളനം. പതിവുപോലെ പല പ്രസംഗങ്ങളും പാണ്ഡിത്യക്കനംമൂലം ശ്രോതാക്കളെ തട്ടിവീഴ്ത്തിക്കടന്നുപോയി. എന്നിട്ടും, 'സമ്മേളനത്തിൽ ഒരു ദന്തഗോപുരാന്തരീക്ഷം ഉണ്ടായിരുന്നില്ല. ഗൗരവമുള്ള അക്കാദമിക് കാര്യ

ങ്ങരം ഗൗരവം വിടാതെതന്നെ ബഹുജനങ്ങരംക്ക പരിചയപ്പെടുത്തി ക്കൊടുക്കാൻ കഴിയുമെന്നു് സമ്മേളനത്തിൽ സംസാരിച്ച, ഇംഗ്ലീഷ് സംസാരിക്കുന്ന രാജ്യങ്ങളിൽനിന്നു വന്ന, വിദഗ്ദ്ധർ ഒരിക്കൽക്കൂടി തെളിയിച്ചു. ഷേക്സ്പിയറുടെ കൃതികളിൽ തീവ്രമായ താല്പര്യം ഇപ്പോഴും ലോകത്തിന്റെ വ്യത്യസ്തഭാഗങ്ങളിൽ നിലനിൽക്കുന്നുണ്ടു് എന്നു് ബർലിൻസമ്മേളനത്തിൽ ചർച്ചചെയ്യപ്പെട്ട വിഷയങ്ങളുടെ വൈവിധ്യത്തിൽനിന്നു വ്യക്തമായി' എന്നാണു് സമ്മേളനം സംബന്ധി ച്ച ഒരു റിപ്പോർട്ടിൽ കാണുന്നതു്.

അന്താരാഷ്ട്രീയ—ഷേക്സ്പിയർ സംഘടനയ്ക്കു പുറമേ, പല രാജ്യങ്ങളിലും ഷേക്സ്പിയർ പഠനത്തിനുള്ള ദേശീയസംഘടനകരം നിലനിന്നുവരുന്നുണ്ടു്. ജർമ്മനിയിൽ ഗോയ്ഥേയുടെ കൃതികളുടെ പഠ നത്തിനുള്ള ദേശീയസ്ഥാപനം ആരംഭിച്ചതു് 1886—ൽ മാത്രമാണു്. അതിനു് ഇരുപത്തിരണ്ടു വർഷംമുമ്പു്, 1864—ൽത്തന്നെ, വൈമാറിൽ ഒരു ഷേക്സ്പിയർ സൊസൈററി സ്ഥാപിക്കപ്പെട്ടു. ഷേക്സ്പി യർ കൃതികരം കൂടുതൽ പ്രചരിപ്പിക്കുക, കവിയുടെ ജീവിതത്തെയും കൃതികളെയുംപററി ഗവേഷണം പ്രോത്സാഹിപ്പിക്കുക, ഇംഗ്ലീഷ്ഭാഷ യിൽ ജർമ്മൻകാർക്കു താല്പര്യം ജനിപ്പിക്കുക എന്നിവയാണു് ഈ സൊ സൈററിയുടെ പ്രഖ്യാപിതലക്ഷ്യങ്ങരം. ഈ സൊസൈററി 1865 മുതൽ മുടങ്ങാതെ വാർഷികസമ്മേളനങ്ങരം നടത്തുകയും, ഓരോ ആണ്ടിലും ഓരോ 'ഇയർബുക്ക'കരം പ്രസിദ്ധീകരിക്കുകയുംചെയ്യുന്നുണ്ടു്. ജർമനി വിഭജിക്കപ്പെട്ടതിനെത്തുടർന്നു്, 1963—ൽ ഈ സൊസൈററിയും രണ്ടാ യി പിരിഞ്ഞു. കിഴക്കൻ ജർമനിയിലെ വൈമാറിലാണു് സൊസൈ ററിയുടെ ഒരു ഘടകം; മററൊന്നു പടിഞ്ഞാറൻ ജർമനിയിലെ 'ബോ കം' (Boachum) എന്ന സ്ഥലത്തും. സലാഡിൻ ഷ്മീററ് എന്ന ഡയറ ക്ടരുടെ നേതൃത്വത്തിൽ 1927 മുതൽ 1937 വരെ നടന്ന ഷേക്സ്പിയർ നാടകാഭിനയങ്ങളാണു് ജർമനിയിലെ നാടകാഭിനയചരിത്രത്തിൽ ഉജ്ജ്വലമായ ഒരു സ്ഥാനം 'ബോക'മിനു നേടിക്കൊടുത്തതു്. പടിഞ്ഞാ റെ ജർമനിയിലെ ഷേക്സ്പിയർ സൊസൈററിയിൽ ഇപ്പോരം 1,900 അംഗങ്ങളുണ്ടു്.

ഇത്തരം ദേശീയ ഷേക്സ്പിയർ സൊസൈററികരം ഇരുപത്തി രണ്ടു രാജ്യങ്ങളിൽ നിലവിലുണ്ടത്രേ. ഇക്കൂട്ടത്തിൽ ഏററവും പ്രായക്കു റവുള്ളതു്, 1961—ൽ സ്ഥാപിക്കപ്പെട്ട ജപ്പാനിലെ ഷേക്സ്പിയർ സൊസൈററിക്കാണു്.

'വിവർത്തനത്തിൽ ചോർന്നുപോകുന്നതെന്തോ, അതാണു കവിത' എന്നു പറയാറുണ്ടു്. ഷേക്സ്പിയറുടെ നാടകങ്ങളുടെ വിവർത്തനം സംബന്ധിച്ച പ്രശ്നങ്ങരം ആയിരുന്നു ബർലിൻ സമ്മേളനത്തിൽ ഒരു ജർമൻ ഷേക്സ്പിയർ വിദഗ്ദ്ധൻ ചെയ്ത പ്രസംഗത്തിന്റെ വിഷ യം. സാഹിത്യരസികരായ വായനക്കാർക്കുവേണ്ടിയും, നാടകം കാണു ന്ന സാധാരണക്കാർക്കുവേണ്ടിയും, ഷേക്സ്പിയർ നാടകങ്ങളുടെ രണ്ടുതരം വിവർത്തനങ്ങരം ഉണ്ടാകണമെന്നു് ഈ വിദഗ്ദ്ധൻ വാദിച്ച തു് ശരിയാണെന്നു ശ്രോതാക്കരംക്കു തോന്നി. കാരണം, ഷേക്സ്പി യർ നാടകങ്ങളുടെ പ്രസിദ്ധങ്ങളായ ജർമൻവിവർത്തനങ്ങരം വളരെ പഴകിയവയാണു്; അവ നാടകരംഗത്തു് ഇന്നു് ഉപയോഗപ്പെടുന്നവയ ല്ല. മലയാളത്തിൽ സഞ്ജയന്റെയും മററു ഷേക്സ്പിയർ നാടകവിവ ർത്തനങ്ങളുടെ സ്ഥിതിയും ഏറെക്കുറെ ഇതുതന്നെയല്ലേ?

ജർമൻഭാഷ സംസാരിക്കുന്ന ജർമനി, ആസ്ട്രിയ, സ്വിററ്സർലൻ ഡ് എന്നീ രാജ്യങ്ങളിൽ ഇപ്പോഴും ആണ്ടുതോറും എത്രയോ ഷേക് സ്പിയർ നാടകങ്ങരം അഭിനയിക്കപ്പെടുന്നുണ്ടു്. പത്തൊമ്പതാം

നൂററാണ്ടിൽ, ജർമൻ റൊമാൻറിക് കവിതകഠം നിർമിച്ച വിവർത്തനങ്ങളാണത്രേ ഈ നാടകാഭിനയക്കാരിൽ നാലിലൊന്നുപേരും ഉപയോഗപ്പെടുത്തുന്നതു്. ഫലം: കാഴ്ചക്കാർക്ക പലതും മനസ്സിലാകാതെ പോകുന്നു. നാലിലൊരുഭാഗം നാടകാഭിനയക്കാർ പഴയ വിവർത്തനങ്ങഠം പുനസ്സംവിധാനംചെയ്ത് ഉപയോഗിക്കുന്നു. ശേഷിച്ച പകുതി നാടകാഭിനയക്കാർ, അടുത്തകാലത്തുണ്ടായ ചില പ്രസിദ്ധ വിവർത്തനങ്ങളാണ് അരങ്ങത്തു കൊണ്ടുവരുന്നതു്. ഈ പുതിയ വിവർത്തനങ്ങഠം, നാടകം കാണാൻ വരുന്നവരിൽ ശരിക്കും 'ഏശുന്നു'ണ്ടത്രേ.

ഷേക്സ്പിയർ നാടകങ്ങളിൽ ബ്രിട്ടീഷുകാർക്കുള്ളതിലേറെ താൽപര്യം ജർമൻകാർക്കാണെന്നു് ഒരുകാലത്തു പറയപ്പെട്ടിരുന്നു. 'യഥാർത്ഥ ഷേക്സ്പിയർ' ഇംഗ്ലീഷുകാരായ നമുക്ക് എപ്പോഴം നഷ്ടപ്പെടുന്നു. തർജമക്കാർക്കാണെങ്കിൽ, ഷേക്സ്പിയറെ ഇഷ്ടംപോലെ മെരുക്കിയെടുക്കാം' എന്നു് ബർണാർഡ് ഷാ വിലപിച്ചിട്ടുണ്ട്. ഷേക്സ്പിയറെ, അദ്ദേഹത്തിൻെറതന്നെ വാക്കുകളിലല്ലാതെ, അലകും പിടിയും മാററി, ബ്രിട്ടനിൽ അവതരിപ്പിക്കുക സാദ്ധ്യമല്ലല്ലോ. മററു രാജ്യക്കാർക്ക് അതിനുള്ള സ്വാതന്ത്ര്യം ഉണ്ടു്. അതിനാൽ, മററു രാജ്യങ്ങളിലെ നാടകവേദികളിൽ ഷേക്സ്പിയർക്ക് ഒരിക്കലും പുതുമ നഷ്ടപ്പെടുന്നില്ല. 'അസാധാരണ നാടകപ്രതിഭയുള്ള ഒരു കവി എന്ന നിലയ്ക്കാണ് ജർമനിയിൽ ഷേക്സ്പിയർ ആദരിക്കപ്പെടുന്നതു്. അമേരിക്കക്കാർ ആകട്ടെ, വായിക്കാൻ കൊള്ളാവുന്ന നാടകങ്ങഠം എഴുതിയ ഒരാളായി ഷേക്സ്പിയറെ കണക്കാക്കുന്നു. ബ്രിട്ടീഷുകാർക്ക് ഷേക്സ്പിയർ മുഖ്യമായും അദ്ധ്യാപകനും ദാർശനികനുമാകുന്നു' എന്നു് ബെർലിൻസമ്മേളനത്തിൽ ഒരു അമേരിക്കൻ പ്രൊഫസർ പ്രസ്താവിക്കുകയുണ്ടായി.

ഇന്ത്യക്കാർ ഷേക്സ്പിയറെ കാണുന്നതു് എങ്ങനെയാണ്? ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പിൽവരുത്തിയ ഉന്നതവിദ്യാഭ്യാസത്തിൽ ഷേക്സ്പിയർ കൃതികഠംക്ക വലിയ സ്ഥാനം നൽകപ്പെട്ടിരുന്നു. കോളേജുകളിൽ, ഇൻറർമീഡിയററിനു് ഷേക്സ്പിയറുടെ ഒരു നാടകവും, ബിരുദപരീക്ഷയ്ക്കു രണ്ടു നാടകങ്ങളും പഠിക്കുക നിർബന്ധമായിരുന്നു. ഷേക്സ്പിയറുടെ കൃതികഠം പഠിപ്പിക്കുന്നതിൽ വൈദഗ്ധ്യം നേടിയ പ്രൊഫസർമാരെസ്സംബന്ധിച്ച ഐതിഹ്യങ്ങഠം ഇന്നും നമ്മുടെ പഴയ കോളേജുകളുടെ പൂപ്പൽ പിടിച്ച ഇടനാഴികളിൽ മന്ത്രിക്കപ്പെടുന്നതു കേഠംക്കാം. ദ്വിജേന്ദ്രലാൽ റോയിയെപ്പോലെയുള്ള ആദ്യകാല റൊമാൻറിക് നാടകകൃത്തുക്കഠം (മലയാളത്തിൽ കൈനിക്കര സഹോദരന്മാരെ ഓർക്കുക) ഷേക്സ്പിയറെ സഫലമായി അനുകരിച്ചിട്ടുണ്ട്. ഷേക്സ്പിയർ നാടകങ്ങളുടെ വികൃത—ദുർബലഅനുകരണങ്ങഠം വ്യാവസായിക നാടകവേദിയിലും കുറേക്കാലം പ്രചാരത്തിലുണ്ടായിരുന്നു.

പക്ഷേ, നമ്മുടെ നവോത്ഥിത നാടകവേദിയിൽ ഈ റൊമാൻറിക് കാലഘട്ടം നീണ്ടുനിന്നില്ല. മറെറാരുവിധത്തിൽ പറഞ്ഞാൽ, ഇന്ത്യയിലെ നവനാടകവേദി പിഞ്ചിലേ പഴുത്തുപോവുകയാണുചെയ്തതു്. റൊമാൻറിസിസത്തിൻെറ ഉജ്ജ്വലത കുറെയെങ്കിലും പ്രകടിപ്പിക്കപ്പെടുംമുമ്പ്, നമ്മുടെ നാടകവേദിയെ റിയലിസം പിടിച്ചടക്കി. എന്നാൽ, മുത്തപ്പനു കത്തിയ പാളതന്നെ അപ്പനും കൈവന്ന അനുഭവമാണ് ഇവിടെയുമുണ്ടായതു്. റിയലിസം വേരുറയ്ക്കുംമുമ്പ് 'അബ്സേർഡിസ'വും 'ക്രുവൽററി'യും മററും നാടകവേദിയെ ആക്രമിച്ചു. ഇതൊക്കെക്കാരണം, അരോഗവും സ്വസ്ഥവുമായ ഒരു മദ്ധ്യവർഗ നാടകവേദി നമുക്ക് ഉണ്ടാവാതെപോയി.

ജർമൻ നാടകവേദിയെ സംബന്ധിച്ചിടത്തോളം 'ഹാംലററിന്റെ വർഷ'മായിരിക്കുമത്രേ 1986. മുമ്പൊരിക്കലുമുണ്ടായിട്ടില്ലാത്തവിധം അത്രയേറെ നാടകസംഘങ്ങൾ അവിടെ ഈയാണ്ടിൽ 'ഹാംലററ്' അവതരിപ്പിക്കുന്നുണ്ട്. 1960 കളിലും '70 കളിലും ജർമനിയിലെ 'പുതിയ തിയേററി'ൽ ഹാംലററ് നാടകം പല രൂപങ്ങളിൽ രംഗവേദി കൈയടക്കുകയുണ്ടായി. പക്ഷേ, അടുത്തകാലത്തു വിയന്നയിലും ഡ്യൂസ്സൽഡോർഫിലുമുണ്ടായ ഹാംലററ് അഭിനയങ്ങൾ, പഴമയിലേക്കുള്ള പലായനങ്ങളും 'കണ്ണുകൾക്കു വിരുന്നുകളും' ആയിട്ടാണു ചിത്രീകരിക്കപ്പെട്ടിട്ടുള്ളതു്. പടിഞ്ഞാറൻ ബർലിനിൽ നടന്ന ഷേക്സ്പിയർ സമ്മേളനത്തിൽ പങ്കെടുത്തവർ, നല്ല ഷേക്സ്പിയർ നാടകങ്ങൾ കാണാൻ കിഴക്കൻ ബർലിനിലേക്കാണത്രേ പോയതു്. അവിടെ, 'ബെർലിനർ എൻസെംബ്ൾ'എന്ന നാടകസംഘം 'ഗ്രീഷ്മമധ്യരാത്രിയിലെ സ്വപ്നം' വും 'ഡോയ്ററ്ഷെസ് തിയേററർ' എന്ന നാടകസംഘം 'ട്രോയ്ലസും ക്രെസ്സിഡയും' എന്ന നാടകവും ഇക്കാലത്തു പ്രദർശിപ്പിച്ചിരുന്നു.

ജർമൻകാർക്കുള്ളത്രതന്നെ ഷേക്സ്പിയർക്കമ്പം ഇപ്പോൾ ജപ്പാൻകാർക്കും ചൈനക്കാർക്കുമുണ്ടത്രേ. ചാർലസ് ലാംബിന്റെ ഗദ്യകഥാഖ്യാനങ്ങളിലൂടെയാണ് ചൈനക്കാർ ഷേക്സ്പിയറുമായി പരിചയപ്പെട്ടതു്. 1929—ൽ ഷാങ്ഹായ് നഗരത്തിൽ ഒരു ഷേക്സ്പിയർ നാടകത്തിന്റെ ചൈനീസ് വിവർത്തനം ആദ്യമായി അരങ്ങേറി. ഷേക്സ്പിയർ നാടകങ്ങളിലെ കെട്ടുറപ്പുള്ള കഥകളും ഐതിഹ്യങ്ങളും ചൈനക്കാർക്കു നന്നേ ഇഷ്ടമാണ്. ചൈനീസ് നാടകങ്ങളെന്നപോലെ ഷേക്സ്പിയറുടെ നാടകങ്ങളും ദുഃഖ—സുഖമിശ്രങ്ങളാണെന്ന വസ്തുതയും, ആ നാടകങ്ങൾ ചൈനയിൽ ജനപ്രീതി നേടുന്നതിനു കാരണമായത്രേ.

നമ്മുടെ കഥകളിപോലെ, സങ്കേതനിബദ്ധമായ ഒരു ക്ലാസ്സിക്കൽ ജാപ്പനീസ് നാടകമാണ് കബൂക്കി. കബൂക്കി രൂപത്തിൽ 'മാക്ബത്ത്' എങ്ങനെയിരിക്കും? 'രസകരമായിരിക്കും' എന്നായിരുന്നു ബർലിൻ സമ്മേളനത്തിൽ പങ്കെടുത്ത ജപ്പാനിലെ ഷേക്സ്പിയർ വിദഗ്ധരുടെ അഭിപ്രായം.

പ്രാചീന ഭാരതീയ നാടകവേദിയിലെ ഒരു ഉജ്ജ്വലരത്നമായ 'മൃച്ഛകടികം' സമകാലമലയാളനാടകവേദിയിൽ സഫലമായി കെ. പി. എ. സി. അവതരിപ്പിക്കുകയുണ്ടായല്ലോ. ഷേക്സ്പിയറുടെ ഹാംലററും മാക്ബെത്തും ഒഥല്ലോയും ലിയർ രാജാവും, ഗ്രീഷ്മമധ്യരാത്രിയിലെ സ്വപ്നവും, പന്ത്രണ്ടാംരാവും, മററും വേണ്ടവിധത്തിൽ അവതരിപ്പിച്ചാൽ, മലയാള നാടകവേദിക്ക് ഒരു പുതിയ ജീവൻ നൽകുകയില്ലേ? കച്ചവടമായി മാത്രമല്ലാതെ കലയായിക്കൂടി നാടകത്തെ കാണുന്ന വല്ല സമിതികളും ഇക്കാര്യം പര്യാലോചിക്കുമോ?

കോഴിക്കോട്ട് സർവകലാശാലയുടെ നാടകവിഭാഗത്തിനു് ഈ വിഷയത്തിൽ എന്തെങ്കിലും ചെയ്യുകൂടേ? സോറി—നാടകമല്ലല്ലോ, മന്ത്രവാദവും ബാധയൊഴിപ്പിക്കലും പടയണിയും കളരിപ്പയററും മററു ചിലതുമാണല്ലോ, അവരുടെ തിരഞ്ഞെടുത്ത പ്രവർത്തനമണ്ഡലം!

(6 മെയ്, 1986)